## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6458** **10-11-2021 - ൽ മറുപടിയ്ക്ക്**

## വണ്ടൂർ മണ്ഡലത്തിലെ കാലവർഷക്കെടുതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 2017 മുതൽ വണ്ടൂർ നിയോജകമണ്ഡലത്തിൽ കാലവർഷക്കെടുതിയിൽ എത്ര തുകയുടെ നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | 2017 മുതൽ വണ്ടൂർ നിയോജകമണ്ഡലത്തിൽ കാലവർഷക്കെടുതിയിൽ റോഡുകൾ, പാലങ്ങൾ, വീടുകൾ, കൃഷി എന്നിവയിൽ ആകെ 42,66,49,978/- (നാല്പത്തിരണ്ട് കോടി അറുപത്തിയാറ് ലക്ഷത്തി നാല്പത്തിയൊമ്പതിനായിരത്തി തൊള്ളായിരത്തി എഴുപത്തിയെട്ട് രൂപ മാത്രം) രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. |
| (ബി) | കാലവർഷക്കെടുതിയിൽ കൃഷി, ഭൂമി, വീട്, എന്നിവ പൂർണ്ണമായും, ഭാഗികമായും നഷ്ടപ്പെട്ടവർക്ക് മതിയായ ധനസഹായം നൽകിയിട്ടുണ്ടോ; ഇനി എത്രപേർക്ക് നൽകാനുണ്ട്; വിശദാംശം ലഭ്യമാക്കാമോ; | (ബി) | കാലവർഷക്കെടുതിയിൽ 2018, 2019 വർഷങ്ങളിൽ വീടുകൾക്ക് പൂർണ്ണനാശം സംഭവിച്ച 140 കുടുംബങ്ങൾക്ക് 4 ലക്ഷം രൂപ വീതവും വീടും സ്ഥലവും നഷ്ടപ്പെട്ടതോ വാസയോഗ്യമല്ലാതാവുകയോ ചെയ്ത 22 കുടുംബങ്ങൾക്ക് പുനരധിവാസത്തിനായി 10 ലക്ഷം രൂപ വീതവും ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. 2020 ൽ ഭാഗിക നാശം സംഭവിച്ച 70 വീടുകളുടെയും 2021 ൽ ഭാഗിക നാശം സംഭവിച്ച 60 വീടുകളുടെയും ധനസഹായ വിതരണം പൂർത്തിയായി വരുന്നു. കൃഷി നാശം സംഭവിച്ചതിന് 306 കർഷകർക്കായി 78,27,890/- രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (സി) | കാലവർഷക്കെടുതിയിൽ തകർന്ന റോഡുകളും കലുങ്കുകളും, പാലങ്ങളും അപ്രോച്ച് റോഡുകളും ഉൾപ്പെടെ പുനർ നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇനിയും ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ എത്രയും പെട്ടെന്ന് ആരംഭിക്കുന്നതിനും പൂർത്തീകരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (സി) | 2018 ലെയും 2019 ലെയും കാലവർഷക്കെടുതിയിൽ തകർന്ന പാലങ്ങളും റോഡുകളും പുനർനിർമ്മിച്ചിട്ടുണ്ട്. തുക്കലങ്ങോട് - വണ്ടൂർ - കാളികാവ് റോഡിൽ 08/475 കിലോ മീറ്റർ ചുള്ളിത്തോട് പാലത്തിന്റെ അപ്രോച്ച് റോഡ് പാർശ്വഭിത്തി തകരുകയും അഞ്ചച്ചവടിയിൽ കി.മി 21/000 ൽ ഗർത്തം രൂപപ്പെടുകയും ചെയ്തിട്ടുണ്ട്. അഞ്ചച്ചവടിയിൽ 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ച് വരുന്നു. വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽ 66 റോഡുകളുടെ പുനരുദ്ധാരണത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | അതിൽ 31 റോഡുകളുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. എഗ്രിമെന്റ് വെച്ചതും പണി പൂർത്തീകരിക്കാൻ ബാക്കിയുള്ളതുമായ 13 എണ്ണം ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കുന്നതാണ്. കാലവർഷക്കെടുതിൽ തകർന്ന 90 ശതമാനം അപ്രോച്ച് റോഡുകളും പുനർനിർമ്മിച്ചിട്ടുണ്ട്. 18 പ്രവൃത്തികളുടെ ഡീറ്റേൽഡ് എസ്റ്റിമേറ്റ് സാങ്കേതികാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. മമ്പാട് ഗ്രാമപഞ്ചായത്തിൽ ബഹു. മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി പുള്ളിപ്പാടം സസ്പെൻഷൻ ബ്രിഡ്ജ് എന്ന പ്രവൃത്തിക്ക് 2,81,00,000/- (രണ്ട് കോടി എൺപത്തിയൊന്ന് ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. ആയത് സാങ്കേതികാനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. 2021 ഓഗസ്റ്റ് മാസത്തിലുണ്ടായ ശക്തമായ മഴയെ തുടർന്ന് കേടുപാടുകൾ സംഭവിച്ച ചെള്ളിത്തോട് പാലത്തിനോട് ചേർന്ന് വരുന്ന സമീപന റോഡും പാർശ്വഭിത്തിയും പുനർനിർമ്മിക്കുന്നതിനായി 25 ലക്ഷം രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ടെൻഡർ നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ഡി) | കരുവാരകുണ്ട് ആർത്തലകുന്ന് കോളനിയിൽ കഴിഞ്ഞ നാലു വർഷമായി മഴക്കെടുതി മൂലം കോളനി നിവാസികളെ മാറ്റി പാർപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഉണ്ട്. |
| (ഇ) | ഉണ്ടെങ്കിൽ ആയതിന് ശാശ്വത പരിഹാരം കാണുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ? | (ഇ) | 2019-ലെ പ്രളയത്തെത്തുടർന്ന് ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ നേതൃത്വത്തിലുള്ള ജില്ലാ തല വിദഗ്ദ്ധ സമിതി പരിശോധന നടത്തിയതിന്റെ ഭാഗമായി ആർത്തലക്കുന്ന് ഭാഗത്ത് കൽക്കുണ്ട് പുഴയുടെ മുകൾഭാഗത്ത് വിള്ളൽ കാണപ്പെട്ടതിനെത്തുടർന്നാണ് 44 കുടുംബങ്ങളെ കനത്ത മഴയുള്ള പക്ഷം മാറ്റിപ്പാർപ്പിക്കുന്നതിനായി ശുപാർശ ചെയ്തിട്ടുള്ളത്. തുടർന്ന് മുന്നറിയിപ്പ് ലഭ്യമാകുന്ന മുറയ്ക്ക് മേൽ കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുന്നുണ്ട്. ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ജില്ലാ വിദഗ്ദ്ധ സമിതി എന്നിവ പൂർണ്ണമായും മാറ്റിപ്പാർപ്പിക്കുന്നതിന് ശുപാർശ ചെയ്യുന്ന കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിന് വീട് വയ്ക്കുന്നതിന് 4 ലക്ഷം രൂപയും വസ്തു വാങ്ങുന്നതിന് 6 ലക്ഷം രൂപയും ചേർത്ത് ആകെ 10 ലക്ഷം രൂപ അനുവദിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ